വൈദ്യുതി മേഖലയിൽ പിന്നോക്കം നിൽക്കുന്ന ജില്ലകൾ

5 [2755] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിലഭ്യതയുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത ജില്ലകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള ഏതെങ്കിലും പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ ജില്ലകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൈക്കൊണ്ട തീരുമാനങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ ജില്ലകളിൽ ആവശ്യമായ സബ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി, വയനാട്, മലപ്പുറം, പത്തനംതിട്ട, കാസർഗോഡ്.

(ബി) കേന്ദ്ര സർക്കാരിന്റെ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനയുടെ ഭാഗമായി പ്രസ്തുത ജില്ലകളിലെ ഇതുവരെയും വൈദ്യുതീകരിക്കാത്ത കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും, പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ ആർ.ഇ.സി.യിൽനിന്നും അനുമതി ലഭിക്കുകയും ചെയ്തു. പ്രധാനമന്ത്രിയുടെ ഗ്രാമോദയ യോജനപ്രകാരം ഈ ജില്ലകളിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരികയുമാണ്.

(സി) പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി/ശക്തി വർദ്ധിപ്പിക്കൽ, പുതിയ ലൈൻ നിർമ്മാണം, നിലവിലുള്ള ലൈനുകളുടെ ശേഷി/ശക്തി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രസരണമേഖലയിൽ പ്രസ്തുത ജില്ലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുതി കണക്ഷന് കാത്തിരിക്കുന്ന അപേക്ഷകർ

6 [2756] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് പോസ്റ്റ് സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിന് ഗാർഹിക ഉപഭോക്താക്കൾ എത്ര നാൾ കാത്തിരിക്കേണ്ടിവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly